# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5162** **30.06.2014**-ൽ മറുപടിയ്ക്ക്

## <u>വിജിലൻസ് കേസ്സിൽ പ്രതികളായ പോലീസുദ്യോഗസ്ഥർ</u>

| | **ചോദ്യം**<br>ശ്രീ. ആർ രാജേഷ് | | **മറുപടി**<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | വിജിലൻസ് കേസ് പ്രതികളായ പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ഇത്തരം കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (ബി) | വിജിലൻസ് കേസ്സിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തുകയാണെങ്കിൽ ഇവർക്കെതിരെ വിവിധ ശിക്ഷാ നടപടികൾക്ക് ശുപാർശ ചെയ്തുകൊണ്ട് വിജിലൻസ് ഡയറക്ടർ അന്വേഷണ റിപ്പോർട്ട് കോടതിയിലും സർക്കാരിനും ലഭ്യമാക്കുന്നു. റിപ്പോർട്ട് സൂക്ഷ്മമായി പരിശോധിച്ചശേഷം ഡയറക്ടറുടെ ശുപാർശയ്ക്കനുസരിച്ച് ഇക്കൂട്ടർക്കെതിരെ വിചാരണ, സസ്പെൻഷൻ, സ്ഥലംമാറ്റം, വകുപ്പുതല-അച്ചടക്കനടപടി തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നു. കോടതി ഉത്തരവു പ്രകാരവും ഇത്തരത്തിൽ നടപടികൾ സ്വീകരിക്കാറുണ്ട്. വിജിലൻസ് ട്രാപ്പ് കേസുകളിൽ പിടിക്കപ്പെടുന്ന ഉദ്യോഗസ്ഥരെ ഉടനടി സസ്പെന്റ് ചെയ്യാനും, തുടർ അന്വേഷണത്തിൽ ആവശ്യമെങ്കിൽ സർവ്വീസിൽ നിന്ന് നീക്കം ചെയ്യാനും നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ